## 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

## ചോദ്യാവലി

1. 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/കൂട്ടിചേർക്കൽ ആവശ്യമാണോ?

2. ബില്ലിന്റെ 2-ാം ഖണ്ഡത്തിലെ നിർവ്വചനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

3. ബില്ലിന്റെ 4-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിന്റെ ഭേദഗതി ) ***രജിസ്റ്റർചെയ്യൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

4. ബില്ലിന്റെ 5-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 8 <u>എ</u> വകുപ്പിന്റെ ഭേദഗതി) ***അപ്പെക്സ് സംഘത്തോട് അഫിലിയേറ്റ് ചെയ്യൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

5. ബില്ലിന്റെ 6-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 13 <u>എ</u> വകുപ്പിന്റെ ഭേദഗതി) ***ഉപനിയമങ്ങളിലെ വിഷയം*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

6. ബില്ലിന്റെ 8--ാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ ( പ്രധാന ആക്റ്റിന്റെ 14 എഎ വകുപ്പിന്റെ 3-ാം ഉപവകുപ്പിന് ശേഷം ചേർക്കുന്ന ഉപവകുപ്പുകൾ)

i) 4-ാം ഉപവകുപ്പിലെ അനുബന്ധസ്ഥാപനങ്ങളിലെ ഓഹരിമൂലധനം, സംഘത്തിന്റെ അറ്റാദായത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

ii) 5-ാം ഉപവകുപ്പിലെ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിച്ച ഏതൊരു സംഘവും അനുബന്ധസ്ഥാപനങ്ങ1ളിലെ ഡയറക്ടർ ബോർഡിൽ കേരളാ സർക്കാരിന്റെ നോമിനികളെ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

iii) 7-ാം ഉപവകുപ്പിലെസംഘം/ബാങ്കിൽ നിന്നും അനുബന്ധസ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഓഹരി മൂലധന വിഹിതമോ സാമ്പത്തിക സഹായമോ നൽകുന്നത്, ബന്ധപ്പെട്ട സംഘം/ ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ ആയിരിക്കേണ്ടതാണെന്നവ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

iV) ഹോൾഡിംഗ് സൊസൈറ്റി അതിന്റെ അനുബന്ധസ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുന്നതും സ്വത്തുക്കൾ പാട്ടത്തിന് /വാടയ്ക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

7) ബില്ലിലെ 9-ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിലെ 14 ബി വകുപ്പിന്റെ ഭേദഗതി) ***സഹകരണ സംഘങ്ങളുടെ പങ്കാളിത്തം*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിച്ച ഭേദഗതിയിൽ ഏതെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

8) ബില്ലിലെ 12-ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിലെ 19-ാം വകുപ്പിന്റെ ഭേദഗതി) കൈവശമുള്ള ഓഹരികളുടെ വർദ്ധിച്ച മൂല്യം അടക്കുന്നത് വരെ ഒരംഗമെന്ന നിലയിൽ അംഗത്തിനുള്ള അവകാശം വിനിയോഗിക്കരുതെന്ന വ്യവസ്ഥയിൽ ഏതെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

9) ബില്ലിലെ 22-ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 എ) ***കമ്മിറ്റിയുടെ സസ്പെൻഷൻ*** സംബന്ധിച്ച വ്യവസ്ഥയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

10) ബില്ലിലെ 24-ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ) ***അക്കൗണ്ടുകൾ സൂക്ഷിക്കലും പൊതു സോഫ്റ്റ്‌വെയർ സ്വീകരിക്കലും*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

11) ബില്ലിലെ 27-ാം ഖണ്ഡത്തിൽ (പ്രധാന ആക്ടിലെ 56 എ വകുപ്പിന്റെ ഭേദഗതി) ***ബാങ്കിംഗ് ഇതര ആസ്തികൾ കൈയൊഴിക്കൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ

നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

12) ബില്ലിലെ 30-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പുകൾ 59 എ, 59 ബി) ***സ്വത്തുക്കളുടെ മൂല്യനിർണ്ണയം, സംഘങ്ങൾ സ്ഥാവര ജംഗമ വസ്തുക്കൾ വാങ്ങുന്നത്*** എന്നിവ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

13) ബില്ലിലെ 32-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 64-ാം വകുപ്പിന്റെ ഭേദഗതി) ***ആഡിറ്റിന്റെ പരിധിയും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങളും ആഡിറ്റിനുള്ള നടപടിക്രമവും*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

14) ബില്ലിലെ 33-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 65-ാം വകുപ്പിന്റെ ഭേദഗതി) ***രജിസ്ട്രാർ നടത്തുന്ന അന്വേഷണ വിചാരണ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

15) ബില്ലിലെ 34-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 65 എ) ***സംസ്ഥാന സർക്കാരിനാലുള്ള അന്വേഷണം***

സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

16) ബില്ലിലെ 35, 36, 37, 38 എന്നീ ഖണ്ഡങ്ങളിലെ(പ്രധാന ആക്റ്റിലെ 66, 66 എ, 66 സി എന്നീ വകുപ്പുകളുടെ ഭേദഗതി) ***മേൽനോട്ടവും പരിശോധനയും, നിർദ്ദേശങ്ങൾ നൽകുവാനുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ, ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ, രജിസ്ട്രാർക്ക് റിട്ടേണുകൾ സമർപ്പിക്കൽ*** എന്നിവ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

17) ബില്ലിലെ 44-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 70 എ വകുപ്പിന്റെ ഭേദഗതി) ***സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കുന്നത്*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

18) ബില്ലിലെ 50-ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിലെ 80 ബി-ലെ വകുപ്പിന്റെ ഭേദഗതി) സംസ്ഥാനത്തെ സഹകരണ യൂണിയൻ രൂപീകരിക്കാൻ കഴിയാതിരിക്കുമ്പോൾ ആഫീസർമാരുടെ അല്ലെങ്കിൽ കമ്മിറ്റിയുടെ നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

19) ബില്ലിലെ 56-ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിലെ 94-ാം വകുപ്പിന്റെ ഭേദഗതി) കുറ്റങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന പിഴശിക്ഷ സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

20) ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റ് ഖണ്ഡങ്ങളിൽ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരമാവധി ചുരുക്കി സമർപ്പിക്കുക.

2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? ബിൽ, ചോദ്യാവലി എന്നിവ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച് താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471-2512020) നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ തപാലിലോ email id : legislation.kla@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

എ. എം. ബഷീർ,<br>
സെക്രട്ടറി,<br>
കേരള നിയമസഭ.